നമ്പർ.ഡബ്ല്യു1/31310/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി     /04/2017

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - കേരള സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളുടെ കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതു - സംബന്ധിച്ച്

സൂചന :-

കേരള സംസ്ഥാനത്തിലെ മുഴുവൻ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളുടെയും കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്.

1. താങ്കളുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിൽ ഏതെങ്കിലും സ്കൂൾ കെട്ടിടം ഉപയോഗ്യമല്ലാത്തതോ ജീർണ്ണാവസ്ഥയിലുള്ളതോ മഴക്കാലത്ത് പഠനപ്രവർത്തനം നടത്താനാവാത്തതോ ആയത് ഉണ്ടോയെന്ന് പരിശോധന നടത്തി ഡി.ഡി മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. ഇത്തരത്തിൽ ഏതെങ്കിലും സ്കൂൾ കെട്ടിടം നിലവിലുണ്ടെങ്കിൽ താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അധികാരികളെയോ, ജില്ലാ പഞ്ചായത്തുമായോ ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് അപാകതകൾ പൂർണ്ണമായും പരിഹരിച്ച് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്.
3. എയ്ഡഡ് സ്കൂളുകളിലെ അറ്റകുറ്റപ്പണികൾ മേയ് 15 ന് മുമ്പ് പൂർത്തിയാക്കി മേയ് അവസാന വാരത്തിൽ തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് സമർപ്പിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട മാനേജർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
4. അടിയന്തിര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ഡി.ഡി.ഇ മുഖേന ജില്ലാകളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ താങ്കളുടെ പ്രത്യേകശ്രദ്ധ പതിപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ഇപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ഈ ആഫീസിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Scanned by CamScanner